REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 02-07-2025 **സമയം** 12.30 pm

---

## പ്രധാന വാർത്തകൾ

- പഞ്ച രാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി, ഘാനയിലേക്ക് പുറപ്പെട്ടു.
- പഹൽഗാം ഭീകരാക്രമണത്തിന്റെ കുറ്റവാളികളെ കാലതാമസമില്ലാതെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്ന് ക്വാഡ് അംഗരാജ്യങ്ങൾ.
- നീതിയുക്തമായ സമൂഹത്തിന് ലിംഗസമത്വം അനിവാര്യമാണെന്ന് മന്ത്രി വി ശിവൻകുട്ടി.
- കഞ്ചിക്കോട് കിൻഫ്ര പാർക്കിൽ 510 കോടി രൂപയുടെ നിക്ഷേപ പദ്ധതിക്ക് തുടക്കമിട്ടതായി മന്ത്രി P രാജീവ്.
- ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ വൈകിട്ട് മൂന്നരയ്ക്ക് ഇന്ത്യ ഇംഗ്ലണ്ടിനെ നേരിടും.

## വാർത്തകൾ വിശദമായി

പഞ്ച രാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി, രാവിലെ ഘാനയിലേക്ക് പുറപ്പെട്ടു. ഘാനയ്ക്കു പുറമെ ട്രിനിഡാഡ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ രാഷ്ട്രങ്ങളും എട്ടു ദിവസത്തെ യാത്രയിൽ പ്രധാനമന്ത്രി സന്ദർശിക്കും. ആഫ്രിക്കൻ യൂണിയനിലും പശ്ചിമ ആഫ്രിക്കൻ രാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയിലും ഘാന പ്രധാന പങ്കുവഹിക്കുന്നുണ്ടെന്ന് നരേന്ദ്രമോദി യാത്രയ്ക്ക് മുമ്പ് പറഞ്ഞു.

നിക്ഷേപം, ഊർജ്ജം, ആരോഗ്യം, സുരക്ഷ, വികസന പങ്കാളിത്തം എന്നീ മേഖലകളിൽ ഘാനയുമായി സഹകരണത്തിന്റെ പുതിയ വാതിലുകൾ തുറക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. ഘാനയിലെ ഭരണകർത്താക്കളുമായി

കൂടിക്കാഴ്ച നടത്തുന്ന നരേന്ദ്രമോദി പാർലമെന്റിനെയും അഭിസംബോധ ചെയ്യും.

....ഡെസ്ക് റിപ്പോർട്ട്...

(വോയ്സ് ..........)

സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ നരേന്ദ്രമോദി നാളെ ദ്വീപ് രാഷ്ട്രമായ ട്രിനിഡാഡ് ടൊബാഗോയിലെത്തും. പ്രസിഡന്റ് ക്രിസ്റ്റീൻ കാർല കംഗലൂ, പ്രധാനമന്ത്രി കമല പെർസാദ്-ബിസെസ്സർ എന്നിവരുമായി അദ്ദേഹം ചർച്ച നടത്തും. പാർലമെന്റ് സംയുക്ത സമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

മറ്റന്നാൾ അർജന്റീനയിലെത്തുന്ന നരേന്ദ്രമോദി പ്രസിഡന്റ് മിലെയുമായി കൂടിക്കാഴ്ച നടത്തും. പ്രതിരോധം, കൃഷി, ഖനനം, എണ്ണ, വാതകം, പുനരുപയോഗ ഊർജ്ജം, വ്യാപാരം, നിക്ഷേപം തുടങ്ങിയ പ്രധാന മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്യും. ലാറ്റിനമേരിക്കയിൽ ഇന്ത്യയുടെ പ്രധാന സാമ്പത്തിക പങ്കാളിയും, അടുത്ത സഹകാരിയുമാണ് അർജന്റീനയെന്ന് നരേന്ദ്രമോദി അറിയിച്ചു. 57 വർഷത്തിനിടെ ഇന്ത്യൻ പ്രധാനമന്ത്രി നടത്തുന്ന അർജന്റീന സന്ദർശനമാണിത്.

ബ്രസീലിൽ ചേരുന്ന 17-ാമത് ബ്രിക്സ് ഉച്ചകോടിയിലും നരേന്ദ്രമോദി പങ്കെടുക്കും. ശനിയാഴ്ച റിയോ ഡി ജനീറയിലെത്തുന്ന അദ്ദേഹം ആഗോള ഭരണ പരിഷ്കരണം ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ ആശയങ്ങൾ കൈമാറും. തുടർന്ന് ഈ മാസം ഒമ്പതിന് നമീബിയിലെത്തുന്ന പ്രധാനമന്ത്രി നമീബിയൻ പ്രസിഡന്റുമായും ഉഭയകക്ഷി ചർച്ച നടത്തും.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിന്റെ കുറ്റവാളികളെയും സംഘാടകരെയും ധനസഹായം നൽകിയവരെയും കാലതാമസമില്ലാതെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്ന് ക്വാഡ് അംഗരാജ്യങ്ങൾ വാഷിംഗ്ടണിൽ ആവശ്യപ്പെട്ടു. ഇതിനായി യു.എൻ അംഗരാജ്യങ്ങളുടെ സഹകരണം വർധിപ്പിക്കണമെന്നും ക്വാഡിലെ വിദേശകാര്യ മന്ത്രിമാരുടെ സംയുക്ത പ്രസ്താവന നിർദ്ദേശിച്ചു. അതിർത്തി കടന്ന ഭീകരതയെ അപലപിച്ച അംഗങ്ങൾ എല്ലാതരം ഭീകരതയെയും എതിർക്കുന്നതായും വ്യക്തമാക്കി.

✪✪✪

വിദേശകാര്യമന്ത്രി ഡോ.എസ് ജയ്ശങ്കർ യു.എസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്തുമായി കൂടിക്കാഴ്ച നടത്തി. വാഷിങ്ടണിൽ ചേർന്ന ക്വാഡ് വിദേശകാര്യമന്ത്രിമാരുടെ യോഗത്തിനിടെയാണ് കൂടിക്കാഴ്ച. ഇരുരാജ്യങ്ങളും തമ്മിൽ വളർന്നുവരുന്ന പ്രതിരോധ പങ്കാളിത്തത്തെ ഇരുവരും സ്വാഗതം ചെയ്തു.

✪✪✪

മൗറീഷ്യസ് സന്ദർശിക്കുന്ന വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി, മൗറീഷ്യസ് പ്രധാനമന്ത്രി നവിൻചന്ദ്ര രാംഗൂലവുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും മൗറീഷ്യസും തമ്മിൽ നയതന്ത്ര ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്തു. പ്രാദേശിക സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്ന വിഷൻ മഹാസാഗർ പദ്ധതിയെക്കുറിച്ചും ചർച്ച നടത്തി.

✪✪✪

കോവിഡ് പ്രതിരോധ കുത്തിവെപ്പും, പെട്ടെന്നുണ്ടാകുന്ന മരണവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിലും, സെന്റർ ഫോർ ഡിസീസ് കൺട്രോളും നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയതായി കേന്ദ്ര ആരോഗ്യമന്ത്രാലയം അറിയിച്ചു. ഇന്ത്യയിലെ കോവിഡ് -19 വാക്സിനുകൾ സുരക്ഷിതവും ഫലപ്രദവുമാണെന്നും, പാർശ്വഫലങ്ങൾ വളരെ അപൂർവ്വമാണെന്നും പഠനങ്ങൾ വ്യക്തമാക്കുന്നു. പെട്ടെന്നുണ്ടാകുന്ന ഹൃദയാഘാത മരണങ്ങൾക്ക് കാരണം ജനിതകപ്രശ്നങ്ങളും, ജീവിതശൈലിയും കോവിഡിന് ശേഷമുണ്ടാകുന്ന സങ്കീർണതകളും ഘടകങ്ങളാവാം.

തെളിവുകളില്ലാതെ അനുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിരോധ കുത്തിവെപ്പുകൾക്കെതിരായ പ്രചാരണം പൊതുജനങ്ങളിൽ അതിന്റെ വിശ്വാസ്യത തകർക്കാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം മുന്നറിയിപ്പ് നൽകി.

✪✪✪

നീതിയുക്തമായ സമൂഹത്തിന് ലിംഗസമത്വം അനിവാര്യമാണെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. 'ചെയർമാൻ' എന്നത് 'ചെയർപേഴ്സൺ' ആക്കി മാറ്റിയ ഉദ്യോഗസ്ഥ - ഭരണപരിഷ്കാര വകുപ്പിന്റെ തീരുമാനം സ്വാഗതാർഹമാണെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഈ മാറ്റം ലിംഗസമത്വത്തിലേക്ക് നിർണായക ചുവടുവെപ്പാണെന്നും, തുല്യത ഉറപ്പാക്കുന്നതിന് ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് ഇത് വ്യക്തമാക്കുന്നതെന്നും മന്ത്രി അറിയിച്ചു.

✪✪✪

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന പത്ത് കർമ്മപദ്ധതികളിൽ ഒന്നായ ഗോത്രഭേരി ഏകദിന ശില്പശാലയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി. മന്ത്രി AK ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

ഗോത്രസമൂഹങ്ങൾ പരമ്പരാഗതമായി മനുഷ്യ -വന്യജീവി സംഘർഷം കുറയ്ക്കാൻ അവലംബിച്ചിരുന്ന രീതികൾ ശേഖരിക്കുക, ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ മനസ്സിലാക്കുക, സാംസ്കാരികവും സാമൂഹികവുമായ മാറ്റങ്ങളെ വന്യജീവി സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക തുടങ്ങിയവയാണ് ഗോത്രഭേരിയുടെ പ്രധാന ലക്ഷ്യങ്ങൾ.

✪✪✪

ആയുർവേദത്തിലെ രസായന ഔഷധങ്ങൾ കോശങ്ങളുടെ പുനരുജ്ജീവനത്തിനും രോഗപ്രതിരോധശേഷി വർധനയ്ക്കും പ്രയോജനപ്പെടുന്നത് സംബന്ധിച്ച പഠന ഗവേഷണത്തിന് സർവകലാശാലകൾ തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ആരോഗ്യ ശാസ്ത്ര സർവകലാശാലയും തിരുവനന്തപുരം NIIST യും, കേരളാ സർവകലാശാലയും തിരുവനന്തപുരം ഗവ ആയുർവേദ കോളേജുമാണ് സംസ്ഥാന ഗവണ്മെന്റ് ധനസഹായത്തോടെ ഗവേഷണത്തിന് ധാരണാപത്രം ഒപ്പുവെച്ചത്.

✪✪✪

തിരുവനന്തപുരം SUT ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുതിർന്ന CPIM നേതാവും മുൻ മുഖ്യമന്ത്രിയുമായ V.S അച്യുതാനന്ദന്റെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നതായി മെഡിക്കൽ ബുള്ളറ്റിൻ അറിയിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ നിർദേശപ്രകാരം ഏഴ് ഡോക്ടർമാരടങ്ങുന്ന പ്രത്യേക മെഡിക്കൽ സംഘം അദ്ദേഹത്തിന്റെ ആരോഗ്യനില വിലയിരുത്തി.

✪✪✪

കണ്ണൂർ ഗവ. മെഡിക്കൽ കോളേജിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിശോധിച്ച് 15 ദിവസത്തിനകം വിശദീകരണം സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

ആവശ്യത്തിന് മരുന്നോ ചികിത്സാ ഉപകരണങ്ങളോ യന്ത്രങ്ങളോ ഇല്ലാത്തതു കാരണം രോഗികൾ പ്രയാസം അനുഭവിക്കുന്നുവെന്ന മാധ്യമവാർത്തയുടെ അടിസ്ഥാനത്തി ലാണ് കമ്മീഷൻ കേസെടുത്തത്. ഈ മാസം 18ന് കണ്ണൂരിൽ നടത്തുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും.

✪✪✪

പാലക്കാട് കഞ്ചിക്കോട് കിൻഫ്ര പാർക്കിൽ സ്വകാര്യ സ്റ്റീൽ കമ്പനി പുതുതായി ആരംഭിക്കുന്ന 510 കോടി രൂപയുടെ നിക്ഷേപ പദ്ധതിക്ക് തുടക്കമിട്ടതായി മന്ത്രി P രാജീവ് അറിയിച്ചു. ആയിരം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്ന പ്രൊജക്ട് ഗ്രീൻ കോർ പദ്ധതിയാണിതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

ഒന്നാം ഘട്ടത്തിൽ 110 കോടി രൂപയുടെ നിക്ഷേപവും, രണ്ടാം ഘട്ടത്തിൽ 400 കോടിയുടെ നിക്ഷേപവുമാണ് ലക്ഷ്യമിടുന്നത്. ഉത്പാദന മേഖലയിൽ സംസ്ഥാനത്ത് മുന്നേറ്റം സാധ്യമാകുന്നു എന്നതിന്റെ തെളിവുകൂടിയാണ് ഈ പദ്ധതിയെന്ന് മന്ത്രി പറഞ്ഞു. നിർമ്മാണ പ്രവൃത്തികൾ 15 മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും P രാജീവ് വ്യക്തമാക്കി.

✪✪✪

തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ സ്മാർട്ട് ലഗേജ് ലോക്കർ സൗകര്യം ഏർപ്പെടുത്തി. സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളിലെ രണ്ടാമത്തെ സ്മാർട്ട് ലോക്കറാണിത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രെജു കോലിയക്കോട്.

.....(വോയ്സ്)..............

✪✪✪

അഞ്ചു മത്സര ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റിലെ രണ്ടാം ടെസ്റ്റ് മത്സരത്തിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. ബർമിങ്ഹാമിൽ ഉച്ചകഴിഞ്ഞ് മൂന്നരക്കാണ് മത്സരം. ആദ്യ ടെസ്റ്റ് മത്സരത്തിൽ അഞ്ച് വിക്കറ്റിന് പരാജയപ്പെട്ട ഇന്ത്യക്കു പ്രതീക്ഷ നിലനിർത്താൻ രണ്ടാം ടെസ്റ്റിൽ ജയം അനിവാര്യമാണ്.

✪✪✪

AFC ഏഷ്യൻ കപ്പ് വനിതാ ഫുട്ബോൾ യോഗ്യതാ ടൂർണമെന്റിൽ ഇന്ത്യ ഇന്ന് ഇറാഖിനെ നേരിടും. തായ്‌ലാന്റിൽ ഉച്ചകഴിഞ്ഞാണ് മത്സരം.

✪✪✪

ബ്രിസ്റ്റലിലെ കൗണ്ടി ഗ്രൗണ്ടിൽ, ഇന്ത്യ - ഇംഗ്ലണ്ട് ട്വന്റി-20 വനിതാ ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം മറ്റന്നാൾ. ലണ്ടനിലെ കെന്നിങ്ടൺ ഓവലിൽ ഇന്ത്യൻ സമയം രാത്രി 11 നാണ് മത്സരം ആരംഭിക്കുക.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. നാളെ വരെ മണിക്കൂറിൽ 50 കിലോമീറ്റർ വേഗത്തിൽ കാറ്റിന് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

ഇന്ന് കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

കാഞ്ഞങ്ങാട് ചെമ്മട്ടംവയലിൽ പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ നിർമ്മിക്കുന്ന പെൺകുട്ടികളുടെ ഹോസ്റ്റലിന്റെ ശിലാസ്ഥാപനം നാളെ രാവിലെ നഗരസഭ ചെയർപേഴ്സൺ KV സുജാത നിർവഹിക്കും. അഞ്ചു മുതൽ പത്ത് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 30 പെൺകുട്ടികൾക്ക് സൗജന്യ താമസ, പഠന സൗകര്യങ്ങൾ ഹോസ്റ്റലിൽ ഉണ്ടാകും. അരക്കോടി രൂപ ചെലവിലാണ് ഹോസ്റ്റലിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ. ഇതോടൊപ്പം പത്തുലക്ഷം രൂപ ചെലവിട്ടു നിർമിച്ച ഡിജിറ്റൽ ക്ലാസ് റൂമിന്റെയും കമ്പ്യൂട്ടർ ലാബിന്റെയും ഉദ്ഘാടനവും നടത്തും.

✪✪✪

സംസ്ഥാനത്തെ നെല്ല് കർഷകരുടെ പ്രശ്നങ്ങൾ പഠിച്ച് കേന്ദ്രഗവണ്മെന്റിന് റിപ്പോർട്ട് സമർപ്പിക്കാൻ BJP നിയോഗിച്ച പ്രതിനിധിസംഘം നാളെയും മറ്റന്നാളും പാലക്കാട്ടും ശനിയാഴ്ച ആലപ്പുഴയിലും കർഷകരെ കാണും. പാർട്ടി മുൻ സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ, സംസ്ഥാന ജനറൽ സെക്രട്ടറി C കൃഷ്ണകുമാർ, കർഷക മോർച്ച സംസ്ഥാന പ്രസിഡന്റ് ഷാജി. R നായർ, എന്നിവരും കാർഷിക രംഗത്തെ വിദഗ്ധരും ഉൾപ്പെട്ടതാണ് സമിതി.

✪✪✪

ഒന്നാം ക്ലാസ് മുതൽ ഹിന്ദിക്ക് പ്രാധാന്യം നൽകി പാഠ്യപദ്ധതി പരിഷ്ക്കാരം നടപ്പാക്കാൻ സംസ്ഥാന വിദ്യാഭ്യാസ വകുപ്പെടുത്ത തിരുമാനത്തെ സ്വാഗതം ചെയ്യുന്നതായി രാഷ്ട്രഭാഷാ വേദി അറിയിച്ചു. LP തലത്തിലെ ഹിന്ദി പഠനം വിദ്യാർത്ഥികൾക്ക് ദേശീയ തലത്തിലെ മത്സര പരീക്ഷകൾക്ക് ഗുണകരമാകുമെന്ന് ഭാരവാഹികൾ പറഞ്ഞു.

✪✪✪

CPI കണ്ണൂർ ജില്ലാ സമ്മേളനം മറ്റന്നാൾ  ആരംഭിക്കുമെന്ന് ജില്ലാ സെക്രട്ടറി CP സന്തോഷ്കുമാർ   അറിയിച്ചു പൊതുസമ്മേളനം ദേശീയ എക്സിക്യൂട്ടീവ് അംഗം P സന്തോഷ്കുമാർ എം പിയും, ശനിയാഴ്ച രാവിലെ പ്രധിനിധി സമ്മേളനം പാർട്ടി സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വവും  ഉദ്ഘാടനം ചെയ്യും.

✪✪✪

ശ്രീനാരായണഗുരുവിന്റെ ദർശനം ദേശവ്യാപകമായി പ്രചരിപ്പിച്ച ശാശ്വതീകാനന്ദ സ്വാമികളുടെ അകാല വിയോഗം ശ്രീനാരായണ പ്രസ്ഥാനങ്ങൾക്ക് തീരാ നഷ്ടമാണെന്ന് സ്വാമി പ്രേമാനന്ദ കോഴിക്കോട്ട് പറഞ്ഞു.

SNDP യോഗം സംഘടിപ്പിച്ച സ്വാമി ശാശ്വതീകാനന്ദയുടെ 24ാമത് സമാധി ദിനാചരണ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*NRT: നിമിഷ ജി*
*DEO :  ഷീബ*